# ഒ.എൻ.വി. ഗാനങ്ങളിലെ ഭാവപ്രപഞ്ചം

**ജോളി. കെ. വി.**
ഇംഗ്ലീഷ് വിഭാഗം മേധാവി
പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

ജ്ഞാനപീഠപുരസ്കാരജേതാവായ മലയാളത്തിന്റെ പ്രിയകവി ശ്രീ. ഒ.എൻ.വി. കുറിപ്പിന്റെ ഏതാനും കവിതകൾ ഗവേഷണത്തിന്റെ ഭാഗമായി വിശകലനം ചെയ്ത് പഠിച്ചപ്പോഴാണ് എത്ര ഈടുറ്റതും അർത്ഥ സമ്പുഷ്ടവുമാണ് അദ്ദേഹത്തിന്റെ വാക്കുകളും വരികളുമെന്ന് അല്പമൊന്ന് ഗ്രഹിക്കുവാൻ കഴിഞ്ഞത്. വായിച്ചുപോകുന്ന ഇടങ്ങളിലെല്ലാം അദ്ദേഹത്തിന്റെ സിനിമാഗാനരചനയിലെ വൈദഗ്ധ്യവും നൈപുണ്യവും സൂചിതമായിരുന്നു. അപ്പോഴെല്ലാം അവയിലേക്കുകൂടി ഒന്നെത്തിനോക്കുവാൻ ആശിച്ചു. പാവനാത്മ കോളേജ് ആംഗലേയസാഹിത്യവിഭാഗം സിനിമയും സാഹിത്യവും എന്ന പേരിൽ അന്താരാഷ്ട്ര വെർച്യുൽ ഉത്സവം സംഘടിപ്പിച്ചപ്പോൾ ഈ ആഗ്രഹം പ്രബലമായി. ഓരോ പഠനവും വായനയും വിശകലനവും ഒ.എൻ.വി. എന്ന മഹാവിസ്മയത്തിനു മുൻപിൽ അത്ഭുതം കൂറി നിൽക്കാൻ നിർബന്ധിക്കുകയായിരുന്നു. "ഓരോ പാട്ടും ഓരോ ഇന്ദ്രജാലമാണ്. ആരോടും മിണ്ടാതെ ഒരു പാട്ടിനുള്ളിൽ കയറിയിരിക്കാം. ഒരേ സമയം പാട്ടിനകത്തും പുറത്തുമാകും. ഒരേ സമയം പ്രണയിയും ദാർശികനും ആസ്തികനും നാസ്തികനുമാകാം.കാല്പനികനാകാം. വിപ്ലവകാരിയാകാം. തന്നെത്തന്നെ തിരഞ്ഞാണ് ഓരോരുത്തരും പാട്ടിൽ മുങ്ങുന്നത്. ഗ്രഹിക്കാനാവാത്ത ജീവിതത്തിന്റെ പ്രതിഛായ തേടലാണത്. ആത്മാവിൽ മുട്ടിവിളിച്ച് കണ്ണിലും കവിളിലും തൊട്ട് ഓരോ പാട്ടും കടന്നുപോവുകയാണ്". എന്ന ശാരദക്കുട്ടിയുടെ വാക്കുകളാണ് ഒ.എൻ.വി. ഗാനങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ എനിക്കു തോന്നുന്നത്.

ഒരു നാടിന്റെ സാംസ്കാരികത്തനിമയിൽ സുപ്രധാനമായ പങ്കുവഹിക്കുന്നവയാണ് സിനിമകളും സിനിമാഗാനങ്ങളും. സിനിമയും സംഗീതവും ഇഴപിരിക്കാനാവാത്തത്ര ഗാഢമായി ബന്ധപ്പെട്ടു നിൽക്കുന്നു. കാരണം, പ്രണയത്തിന്റെ, ഗൃഹാതുരത്വത്തിന്റെ, നഷ്ടസ്വപ്നങ്ങളുടെ ഒക്കെ ആവിഷ്ക്കാരമാണ് സംഗീതം. ദൃശ്യകലയായ സിനിമയിൽ ശ്രാവ്യകലയായ സംഗീതത്തിന് വലിയ സ്ഥാനമുണ്ട്. രംഗങ്ങളുടെ ഭാവതീവ്രത വർദ്ധിപ്പിക്കാനും

ചിലപ്പോൾ അവയെ വിശദീകരിക്കാനും മറ്റുചിലപ്പോൾ നിശബ്ദതയ്ക്ക് പകരം വയ്ക്കാനും ഗാനങ്ങൾ പ്രയോജനപ്പെടുത്താറുണ്ട്. സംഗീതത്തിന്റെ അഭൗമശക്തിവിശേഷം കാരണമാകാം. സിനിമാഗാനം മൂളിനടക്കുവാൻ സകലരും ഇഷ്ടപ്പെടുന്നത്. ദൃശ്യവിരുന്നായ സിനിമയുടെ അഭ്രപാളികളെ തീക്ഷണവും സജീവവുമാക്കുന്നതിൽ സംഗീതം നൽകുന്ന സംഭാവന നിസാരമല്ല. നൃത്തവും സംഭാഷണവും നിശബ്ദതയും പോലെതന്നെ സിനിമയുടെ ആവശ്യചേരുവയാണ് സംഗീതം. ആദ്യകാലങ്ങളിൽ സംഗീതനാടകരൂപത്തിൽ പുറത്തിറങ്ങിയ മലയാളസിനിമകൾ ഗാനനിബിഢമായിരുന്നെന്നു പറയുന്നതിൽ തെറ്റില്ല. ഡോ. ദിവാകരന്റെ അഭിപ്രായത്തിൽ, "സംഗീതത്തിന്റെ അവാച്യമായ ധ്വനനശേഷിയും സംസ്കാരവിനിമയശേഷിയുമാണ് സിനിമ ഉപയോഗപ്പെടുത്തുന്നത്. അന്യഥാ പ്രകടിപ്പിക്കാനാവാത്ത അനുഭൂതികൾ സൃഷ്ടിക്കാൻ സംഗീതത്തിന്റെ ഈ ഹൃദയദ്രവീകരണശേഷി പ്രയോജനപ്പെടുന്നു". കാണികളുടെ മനസ്സിന്റെ നിഷേധാത്മകഭാവങ്ങളെ - ഭയം, ഉത്കണ്ഠ, അപകർഷതത - സ്വധീനിക്കാനുള്ള സംഗീതത്തിന്റെ മനശ്ശാസ്ത്രപരമായ കഴിവാണ് നിർമ്മാതാക്കൾ ഏറ്റവുമധികം പ്രയോജനപ്പെടുത്തുന്നത്. അത്യാന്താധുനിക സിനിമകൾ സാങ്കേതികവിദ്യയുടെ മികവ് അങ്ങേയറ്റം പ്രയോജനപ്പെടുത്തി നിർമ്മിക്കപ്പെടുമ്പോൾ അവയിലെ സംഗീതത്തിന്റെ സർഗ്ഗാത്മകത നഷ്ടപ്പെടുന്നുവോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

'കാലം മാറുന്നു' എന്ന ചിത്രത്തിലൂടെ ഗാനരചനാരംഗത്ത് നൂതന പാത വെട്ടിത്തുറന്ന ഒ.എൻ.വി. - ദേവരാജൻ സഖ്യം മലയാളസിനിമയ്ക്ക് നൽകിയ സംഭാവന വിവരണാതീതമാണ്. ഹിന്ദി സിനിമാലോകത്തെ അതുല്യപ്രതിഭയായ സലീൽ ചൗധരിയുമായി കൈകോർത്ത് 1973 മുതൽ 1980 കളുടെ അവസാനം വരെ മലയാളികൾക്ക് ഒരിക്കലും മറക്കാനാവാത്ത എണ്ണമറ്റ ഗാനങ്ങൾക്ക് ഒ. എൻ. വി. കുറുപ്പ് ജന്മം നൽകി. "അഞ്ച് ദശാബ്ദത്തോളം വരുന്ന ഗാനരചനയ്ക്കിടയിൽ എണ്ണമറ്റ ഗാനങ്ങൾ ഒ.എൻ.വി. എഴുതുകയുണ്ടായി. അവയിൽ പലതും നിത്യഹരിതമായി. സിനിമയ്ക്കും നാടകത്തിനും ഉപരിയായി ധാരാളം ലളിതഗാനങ്ങളും എഴുതി. അദ്ദേഹത്തിന്റെ ഓർമ്മിക്കപ്പെടേണ്ട ഗാനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക വിഷമമാണ്. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ ഗാനനിർഝരിയുടെ നല്ലൊരു പങ്കും മലയാളി ശ്രോതാക്കളുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയതാണ്", എന്ന് കിരൺ രവീന്ദ്രൻ



അഭിപ്രായപ്പെടുന്നു. ഒ.എൻ.വി. യുടെ ഗാനരചനകൾ സിനിമകളെ ലോകോത്തരനിലവാരത്തിലേക്കുയർത്തുന്നു. അതിന് ഒരു പ്രധാന കാരണം ഗാനങ്ങളിലെ സാഹിത്യാംശം തന്നെ. കേരളത്തനിമ വിളിച്ചോതുന്ന, മലയാളഭാഷയും സംസ്കാരവും പ്രകൃതിസൗന്ദര്യവും വർണിക്കുന്ന വരികളോരോന്നും ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ ലോകത്തിനു പരിചയപ്പെടുത്തുന്നു. സരളവും മധുരവുമായ പദങ്ങൾ കോർത്തിണക്കിയ, സമ്പൂർണമായ ഭാവഗീതസ്വഭാവം നിലനിർത്തുന്ന ഒ.എൻ.വി. യുടെ ഗാനങ്ങളെപ്പറ്റി പ്രദീപൻ പാമ്പിരിക്കുന്നത് നിരീക്ഷിക്കുന്നു. "ഇംഗ്ലീഷ് കാൽപനികതയുടെ ഭാവുകത്വപരമായ മിതത്വം, സംഗീതാത്മകത, ഭാവാത്മകത, ഏകാഗ്രത ഇവയെല്ലാം ചേർന്നുള്ള മലയാളത്തിലെ ഭാവഗീതങ്ങളാണ് ഒ.എൻ.വി. യുടെ ചലച്ചിത്രഗാനങ്ങൾ".

റൊമാന്റിക് - ക്ലാസിക് പാരമ്പര്യങ്ങളുടെ സമന്വയം ഒ.എൻ.വി. ഗാനങ്ങളെ വേറിട്ടതാക്കുന്നു. കേരളത്തിലെ പൂക്കളും, പുഴകളും, കിളികളും, നിലാവും, സായംസന്ധ്യയും, കടലും, പുലരിയും, ഉഷസ്സും, മഴയും, തുമ്പിയും, തെന്നലുമെല്ലാം അദ്ദേഹത്തിന്റെ തൂലികയിൽ വർണരാജികൾ തീർത്ത് സംഗീതമായൊഴുകി.

*കല്ലോലിനീ........വന കല്ലോലിനീ നിൻ*
*തീരത്തുവിടരും ദു:ഖപുഷ്പങ്ങളെ*
*താരാട്ടുപാടി ഉറക്കൂ......*

എന്ന് 'നീലക്കണ്ണുകളി'ലും

*സന്ധ്യേ! കണ്ണീരിതെന്തേ സന്ധ്യേ*
*സ്നേഹമയീ, കേഴുകയാണോ നീ......*

എന്ന് മദനോത്സവത്തിലും ഒ.എൻ.വി. പാടുമ്പോൾ ആരേയും ഭാവഗായകനാക്കുന്ന അദ്ദേഹത്തിന്റെ വരികൾക്കുള്ളിൽ കാല്പനികകഥകളിലെ നായകനും ക്ലാസിക് കഥകളിലെ വീരയോദ്ധാക്കളും ഒളിഞ്ഞിരിപ്പുണ്ട്. വിശ്വമാനവികതാദർശനം സ്വന്തമാക്കിയ ഒ.എൻ.വി. യുടെ പാട്ടുകളൊന്നും ഏതെങ്കിലുമൊരു നാടിന്റെയോ പ്രദേശത്തിന്റെയോ മാത്രം സ്വന്തമല്ല. അത്തരം സങ്കുചിതത്വങ്ങൾക്കെല്ലാമുപരി, സകലരേയുമുൾക്കൊണ്ട ദാർശനികഭാവത്തോടെ ആദ്ദേഹമെഴുതിയ വരികൾ വായിക്കാനും അവയുടെ അർത്ഥങ്ങൾ തേടാനും വീക്ഷണങ്ങൾ വിശാലമാക്കേണ്ടതിന്റെ ആവശ്യകതയും.

*നീരാടുവാൻ നിളയിൽ നീരാടുവാൻ*
*നീയെന്തേ വൈകിവന്നു പൂന്തിങ്കളേ!* (നവക്ഷതങ്ങൾ)

എന്നും

*തുമ്പീവാ തുമ്പക്കുടത്തിൽ*
*തുമ്പത്തായ് തൊട്ടേവരാം (ഓളങ്ങൾ)*

എന്നും പാടുന്ന ഒ.എൻ.വി. യിലെ സർഗാത്മകതയും കവിമനസ്സും ഗാനങ്ങളിൽ വമ്പുപുലർത്തുന്ന കാവ്യാത്മകതയുമെല്ലാം ആധുനിക തലമുറയ്ക്ക് വെല്ലുവിളിയാവുന്നു. പ്രഭാവർമ്മ സൂചിപ്പിക്കുന്നതുപോലെ, "ചിലപ്പോൾ ഒരു തൂവൽസ്പർശം, മറ്റു ചിലപ്പോൾ ഒരു നൊമ്പരച്ഛായ, വേറെ ചിലപ്പോൾ സ്നേഹത്തിന്റെ രഥോത്സവം ഇതൊക്കെ ആ ഗാനങ്ങൾ നമ്മെ അനുഭവിപ്പിക്കുന്നു". വൈകാരികതയ്ക്കുമാത്രം ഊന്നൽ നൽകുന്ന പാട്ടുകളിലേക്ക് ആധുനികമലയാള സിനിമാസംഗീതം വഴിമാറുമ്പോൾ, തപസ്സിന്റെയും ധ്യാനത്തിന്റെയും നെരിപ്പോടിൽ ശുദ്ധിചെയ്തെടുത്ത പാട്ടുകൾ മലയാളക്കരയ്ക്ക് സമ്മാനിച്ച ഒ.എൻ.വി. കുറിപ്പിനെപ്പോലുള്ള ശ്രേഷ്ഠാചാര്യന്മാർ ഓർമ്മപ്പെടുത്തും, "ശ്രവണസുന്ദരമായ ശബ്ദങ്ങൾക്കേ മനസ്സിൽ വികാരങ്ങൾ സൃഷ്ടിച്ച് രസിപ്പിക്കുന്ന കല"യാണ് സംഗീതമെന്നും അതിന്റെ ശക്തിയും സിദ്ധിയും അത്യപൂർവമാണെന്നും!

**സഹായകഗ്രന്ഥങ്ങൾ**


1. പ്രദീപൻ പാമ്പിരിക്കുന്ന്, മലയാള ചലച്ചിത്രഗാനം, കാമന, ശരീരം, ദേശം നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം 2012 പുറം : 12
2. പ്രഭാവർമ്മ, അവതാരിക മാണിക്യവീണ, ഡി.സി. ബുക്സ്, കോട്ടയം 2006, പുറം : 29
3. കിരൺ രവീന്ദ്രൻ, മലയാള സിനിമ പിന്നണിഗാനചരിത്രം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2011 പുറം : 134
4. ആർ. വി. എം. ദിവാകരൻ, സിനിമയുടെ കാവ്യശാസ്ത്രം സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ 2017, പുറം : 100